# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 806** **30.06.2015- ൽ മറുപടി.**

## കോഴിക്കോട് മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ ഏതൊക്കെ വകുപ്പുകളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) ന്യൂറോ മെഡിസിൻ, കാർഡിയോളജി, നെഫ്രോളജി ന്യൂറോസർജറി, കാർഡിയോ വാസ്ക്കുലാർ തൊറാസിക് സർജറി, യൂറോളജി എന്നീ വിഭാഗങ്ങളാണ് പ്രവർത്തിച്ചു വരുന്നത്. |
| (ബി) പ്രസ്തുത കെട്ടിടത്തിന് എത്ര നിലകളുണ്ട് എന്നും ഏതൊക്കെ നിലകളിലാണ് ഓരോ വിഭാഗവും പ്രവർത്തിക്കുന്നത് എന്നും വ്യക്തമാക്കുമോ; | (ബി) ആകെ 8 നിലകളുണ്ട്. ഓരോ നിലയിലും പ്രവർത്തിക്കുന്ന വിഭാഗങ്ങൾ ചുവടെ ചേർക്കുന്നു:<br>**ബേസ്മെന്റ്**- യൂറ്റിലിറ്റി, എച്ച്.എൽ.എൽ നടത്തുന്ന എം.ആർ.ഐ യൂണിറ്റ്<br>**ഒന്നാം നില**- മേൽപ്പറഞ്ഞ വിഭാഗങ്ങളുടെ ഒ.പി എം.ആർ.ഐ സ്കാൻ, എക്സ്റേ, എക്കോ, ഇ.സി.ജി<br>**രണ്ടാം നില**- സ്കാനിംഗ്, ഡോപ്ലർ, ഇ.എസ്.ഡബ്ല്യൂ.എൽ, റീനൽ ലാബ്, കാത്ത് ലാബ്, ഇ.ഇ.ജി, റ്റി.എം.റ്റി<br>**മൂന്നാം നില**- കാർഡിയോളജി ഐ.സി.യുവും വാർഡുകളും നെഫ്രോളജി ഐ.സി.യുവും വാർഡും ഡയാലിസിസ്<br>**നാലാം നില**- ന്യൂറോ മെഡിസിൻ ഐ.സി.യുവും വാർഡുകളും ഡയാലിസിസ് (സ്നേഹ സ്പർശം)<br>**അഞ്ചാം നില**- കാരുണ്യ ഡയാലിസിസ്, മെഡിക്കൽ ഗ്യാസ്ട്രോഎന്ററോളജി വാർഡുകൾക്കായി മാറ്റി വച്ചിട്ടുണ്ട്.<br>**ആറും ഏഴും നില**- തിയേറ്റർ കോംപ്ലക്സ്, സർജിക്കൽ. ഗ്യാസ്ട്രോഎന്ററോളജി, സി.വി.ടി.എസ്, യൂറോളജി, ന്യൂറോ സർജറി എന്നീ വിഭാഗങ്ങളുടെ വാർഡുകൾ എന്നിവയ്ക്കായി മാറ്റി വച്ചിരിക്കുന്നു.<br>**എട്ടാം നില**- സീനിയർ റസിഡൻസിന്റെ ഹോസ്റ്റൽ |

(സി) ഇനി ഏതൊക്കെ വിഭാഗങ്ങളാണ് പ്രസ്തുത കെട്ടിടത്തിലേക്ക് മാറ്റാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഗ്യാസ്ട്രോ എന്ററോളജി, സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി എന്നീ വിഭാഗങ്ങൾ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തിയേറ്റർ കോംപ്ലക്സിന്റെ പണി പൂർത്തിയാവുന്നതോടെ സി.വി.ടി.എസ്, യൂറോളജി, ന്യൂറോ സർജറി എന്നീ വിഭാഗങ്ങളും മാറ്റുവാൻ ഉദ്ദേശിക്കുന്നു.

(ഡി) കാർഡിയോളജി, നെഫ്രോളജി വാർഡുകളിൽ വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാത്തതു കാരണം രോഗികളും ഡോക്ടർമാരും മറ്റ് ജീവനക്കാരും നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പ്രസ്തുത വാർഡുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

(ഇ) സൗകര്യങ്ങളുടെ അപര്യാപ്തത ബോധ്യപ്പെടുന്നപക്ഷം വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ